15
2024
സെപ്റ്റംബർ

# ഗിൽഗാൽ വോയ്സ്

യുഎഇ
4 പേജ്
വാല്യം : 2
ലക്കം : 1

Published By : Media Department, Church of God UAE
For Private Circulation Inside the Church Premises Only
Email : gilgalvoice@gmail.com

# ഓർമ്മകളിൽ എന്റെ പിതാവ് കാനം അച്ചൻ

Biju Abraham Atlanta



'നിന്റെ അപ്പൻ ഞങ്ങളുടെ മുഖത്ത് കരിവാരി തേച്ചിട്ടു പോയി' എന്ന് വിഷമത്തോടെ വിളിച്ചു ചൊല്ലിയ ബന്ധുക്കളുടെ പരിവേദനങ്ങൾ ഇന്നും എന്റെ കാതിൽ ഇന്നെന്നപോലെ മുഴങ്ങുന്നു. ഒരുപിഞ്ചു ബാലൻ ആയിരുന്ന എനിക്ക് അതിന്റെ അർത്ഥം അന്ന് മനസ്സിലായില്ല. സമൂഹത്തിൽ ഉണ്ടായിരുന്ന എല്ലാ സ്ഥാനമാനങ്ങളും മാറ്റിവെച്ചു യേശുവിന്റെ ഒരു സാക്ഷിയായി തീരുവാൻ താൻ ആഗ്രഹിച്ചു. അത്എല്ലാവർക്കും ചിന്തിക്കുന്നതിന് അപ്പുറം ആയിരുന്നു. അതിന് താൻ വലിയ വില കൊടുക്കേണ്ടി വന്നു . ആദ്യമായി ഒരു ക്രൈസ്തവ പുരോഹിതൻ സമൂഹത്തിൽ വില കല്പിക്കപ്പെടാതെ ഇരുന്ന നവീകരണ പ്രസ്ഥാനത്തോട് യോജിച്ചു തെരുവിലേക്കിറങ്ങുന്നു. പലരും പ്രതികാരദാഹികളായി തന്നെ പലപ്പോഴും ആക്രമിക്കുവാൻ പോലും തുനിഞ്ഞു. എന്നാൽ ഒരിക്കൽ പോലും അവർക്ക് തന്നെ ഉപദ്രവിക്കുവാൻ ദൈവം അനുവദിച്ചില്ല. അതിന് കാരണവും ഉണ്ട്. പ്രാർഥനപോരാളി ആയ ഒരു അനുഗ്രഹിക്കപ്പെട്ട മാതാവ് ഇങ്ങനെ പ്രാർത്ഥിച്ചു 'ദൈവമേ നീ എനിക്ക് ഒരു മകനെ തന്നാൽ അവനെ ദൈവ മഹത്വത്തിനായി ഞാൻ സമർപ്പിച്ചു കൊള്ളാം' എന്ന്. ദൈവം ആ പ്രാർത്ഥന കേട്ടു . ആ പ്രാർത്ഥനയുടെ മറുപടി ആണ് എന്റെ പിതാവായ 'കാനം അച്ചൻ'. നന്നേ പുലർകാലത്തിൽ തന്നെ വല്യമ്മച്ചി ഉണരും. പിന്നെ പാട്ടുപാടി, വേദപുസ്തകം വായിച്ചു പ്രാർത്ഥനാ നിരതയായിരിക്കും. തന്റെ വാക്കുകൾ ഇന്നും ഞാൻ ഓർക്കാറുണ്ട്. ദാർശനികത്വം ഒളിമിന്നുന്ന വാക്കുകൾ വല്യമ്മച്ചിയുടെ പ്രത്യേകത ആയിരുന്നു. തന്റെ മരണ സമയത്തും താൻ എന്റെ പിതാവിനോട് പറഞ്ഞ വാക്കുകൾ എത്രയോ അത്ഭുതം ആണ് . 'വിളക്ക് കെടുത്തരുത്' എന്ന്. എന്റെ പിതാവ് ആ ആഗ്രഹവും തനിക്ക് സാധിച്ചുകൊടുത്തു. ഒരിക്കലും താൻ കൈയ്യിൽ എടുത്ത 'വിളക്ക്' അണഞ്ഞു പോകുവാൻ താൻ ഇടവരുത്തിയില്ല. അത് ജനഹൃദയങ്ങളിൽ ഇന്നും ഒളി മങ്ങാതെ പ്രകാശിക്കുവാൻ ദൈവം പ്രസാദിച്ചുകൊണ്ടിരിക്കുന്നു .

കുസൃതി നിറഞ്ഞ തന്റെ ബാല്യകാല കഥകളും രസകരം ആണ് . വളരെ ചെറുപ്പത്തിലേ പഴയ നിയമ ഭക്തന്മാരുടെ പേരുകൾ തനിക്ക് ഹൃദിസ്ഥം ആയിരുന്നു. ഒരിക്കൽ തന്നെ എന്തിനോ ശകാരിച്ച ഒരു പിതാവിന് താൻ നല്കിയ മറുപടി രസകരം ആണ്. വീട്ടിൽ പോയി ഒരു പേപ്പറിൽ വിശുദ്ധ ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള വിശുദ്ധ പിതാക്കന്മാരുടെ പേരുകൾ എഴുതി ആ വീട്ടിലെ ഒരു കുട്ടിക്ക് കൊടുത്തിട്ട് 'അച്ചായനെ ഏൽപ്പിക്കാൻ പറഞ്ഞു'. അത് ഏതോ ചീത്തയാണ് എന്നു കരുതി കോപിച്ചു വന്ന പിതാവ് ജാള്യതയോടെ മടങ്ങേണ്ടി വന്നു. മരത്തിന്റെ മുകളിൽ കയറി 'ഏലിയാവ് ചെയ്തതൊക്കെയും'...... എന്ന് വിളിച്ചു പറഞ്ഞ ബാലകൻ, ദൈവീകവിഷയാൽ താൻ സമ്പന്നൻ ആയി വളർന്നു. ഇത്ര അധികം വായനാശീലം ഉള്ള ഒരാളിനെ കണ്ടെത്തുക പ്രയാസമാണ്. ഹൈന്ദവ പുരാണങ്ങളും, താത്വിക ഗ്രന്ഥങ്ങളും, ബൈബിൾ മൂല ഭാഷകളുടെ അറിവും എല്ലാം തന്നെ കൂടുതൽ എളിമപ്പെടുത്തുകയാണ് ചെയ്തത്. 'ഞാനോ കുറയേണം അവനോ വളരേണം' അതായിരുന്നു തന്റെ ജീവിത ലക്ഷ്യം. ചെറുപ്രായത്തിൽ തന്നെ ഒരു വൈദികൻ ആകുവാൻ ആഗ്രഹിച്ച താൻ അന്നത്തെ മെത്രാച്ചനെ കാണുവാൻ പോയ കാര്യം അച്ഛൻ തന്നെ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അച്ഛനും മറ്റൊരു സ്നേഹിതനും കൂടി തിരുമേനിയുടെ കൈമുത്തി അനുഗ്രഹം വാങ്ങുവാൻ എത്തി. സ്നേഹിതനോട് ചില ചോദ്യങ്ങൾ ഒക്കെ ചോദിച്ചു മാറ്റി നിർത്തി. അടുത്ത ഊഴം അച്ഛന്റേതായിരുന്നു . ' എടൊ എന്താ തന്റെ പേര് ' 'എബ്ര ഹാം'. അതെന്നാ തനിക്ക് മലയാളത്തിൽ പറഞ്ഞു കൂടേ, 'അബ്രഹാം' എന്ന് പറയടോ. 'തന്റെ അപ്പന്റെ പേരോ' അത് യിസഹാക്ക് (ഐസക്ക്) എന്നാ. എടൊ എല്ലാം ഒരു വശപിശകാണല്ലോ. അബ്രഹാമിന്റെ മകൻ യിസഹാക്ക് പക്ഷെ ഇവിടെ യിസ്സഹാക്കിന്റെ മകൻ അബ്രഹാം. ഹാ അതിരിക്കട്ടെ തന്റെ വീട്ടുപേര് എന്താ ? 'പാറക്കൽ' താൻ ഒരു പാറ പോലെ ഉറച്ചു നിൽക്കും എന്ന അനുഗ്രഹവും നല്കി പറഞ്ഞയച്ചു. പിൽക്കാലത്തു താൻ അവരുടെ സ്നേഹ ഭാജനമായി വളർന്നു അഭിവന്ദ്യരായ ഫാദർ എം വി ജോർജ് (ഒസ്താസിയോസ് തിരുമേനി) ഫാദർ റ്റി ജെ ജോഷ്വാ (മനോരമ ചിന്താവിഷയം) എന്നീ പണ്ഡിതന്മാരുടെ അരുമ ശിഷ്യനായി സെമിനാരി പഠനം പൂർത്തീകരിച്ചു. തന്റെ മധുരമാർന്ന സ്വരത്തിൽ കുർബ്ബാനകൾ അർപ്പിക്കുന്നത് കേൾക്കുന്നത് ഒരു പ്രത്യേക അനുഭവം ആയിരുന്നു എന്ന് പലരും എന്നോട് പറഞ്ഞതും ഞാൻ ഓർക്കുന്നു. ദൈവീക പ്രമാണങ്ങളെ അതുപോലെ മനസ്സിലാക്കുവാൻ താൻ ശ്രമിച്ച പ്പോൾ തന്റെ മനസ്സിൽ ഉയർന്നു വന്ന 30 ൽ അധികം ചോദ്യങ്ങൾ ആണ് തന്റെ ജീവിത വഴികളെ മാറ്റി മറിച്ചത്. അത് അന്നത്തെ പ്രഗൽഭമതികളായ സഭാ മേലധ്യക്ഷന്മാരുടെ മുമ്പാകെ താൻ ചോദിച്ചു. തിരുശേഷിപ്പ് വണക്കം ശരിയോ ? മദ്യപാനി ദൈവ രാജ്യം അവകാശം ആക്കുമോ ? ശിശുസ്നാനം ശരിയോ ? എന്ന് തുടങ്ങുന്ന നിരവധി ചോദ്യങ്ങൾ. മറുപടികൾ തികച്ചും വിചിത്രം ആയിരുന്നു എന്ന് അച്ഛൻ തന്നെ എന്നോട് പറഞ്ഞിട്ടുണ്ട്. അതിനൊക്കെ വ്യക്തമായ മറുപടികൾ ലഭിക്കാതെ വന്നപ്പോൾ താൻ അറിഞ്ഞ വേദപുസ്തക സത്യങ്ങളെ മുറുകെ പിടിക്കുവാൻ എല്ലാം വിട്ട് താൻ പുറത്തു വന്നു. എത്രയോ ആയിരങ്ങളുടെ ജീവിതങ്ങളെ യേശുവിനായി താൻ നേടി. വിശ്രമമില്ലാത്ത കൺവെൻഷൻ പ്രസംഗങ്ങൾ, ആദ്യകാലങ്ങളിൽ 3 മണിക്കൂർ വരെ താൻ പ്രസംഗിച്ചിട്ടുണ്ട്. ഒരു പതർച്ചയും ഇല്ലാത്ത സ്വരം, നർമ്മത്തിൽ മുക്കിയ ചിന്താ ദീപ്തമായ തന്റേതു മാത്രമായ ഒരു ശൈലി ഇതെല്ലാം അച്ഛനെ എന്നും വേറിട്ട് നിർത്തി. ശാന്തമായ രീതിയിൽ തുടങ്ങി ഒരു ചെറുകാറ്റായി വീശി ഒരു പെരുമഴയായി പെയ്തിറങ്ങുന്ന തന്റെ പ്രസംഗത്തെ മറ്റു പലരെയും പോലെ ഞാനും അത്ഭുതത്തോടെ നോക്കി കേട്ടു . വാഴൂരിൽ നടന്ന ഒരു മീറ്റിങ് ഇന്നും ഞാൻ ഓർക്കുന്ന ഒരു രസകരം ആയ അനുഭവം ആണ്. അച്ഛൻ പ്രസംഗിക്കുന്നു. അതിൽ ലയിച്ചിരുന്നു

(ശേഷം രണ്ടാം പേജിൽ)




# 11-ാമത് അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പായി റവ.വൈ. റെജി

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പായി റവ. വൈ. റെജി സ്ഥാനമേറ്റു. കഴിഞ്ഞ 8 വർഷമായി സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പദവി അലങ്കരിക്കുകയായിരുന്നു. സഭയുടെ ഭരണസിരാകേന്ദ്രമായ മുളക്കുഴയിൽ നടന്ന ഹിതപരിശോധനയിൽ ഭൂരിപക്ഷം പാസ്റ്റർമാരുടെ പിന്തുണ നേടിയാണ് പാസ്റ്റർ വൈ. റെജി തിരഞ്ഞെടുക്കപ്പെട്ടത്. മുൻ കേരളാ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പ് ആയിരുന്ന റവ. സി. സി തോമസ്, ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യൻ സൂപ്രണ്ടായി നിയമിതനായിരുന്നു. ഇതിനെ തുടർന്നുണ്ടായ ഒഴിവിലേക്കാണ് റവ: വൈ റെജി നിയമിക്കപ്പെട്ടത്. കേരളാ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റൻറ് പദവിയിൽ കഴിഞ്ഞ 8 വർഷങ്ങൾ പ്രകടമാക്കിയ നേതൃപാടവത്തിനും വേറിട്ട പ്രവർത്തന ശൈലിക്കുമുള്ള അംഗീകാരമാണ് പുതിയ സ്ഥാനലബ്ധി. പുനലൂർ മഞ്ഞമൺകാല മംഗലത്ത് വീട്ടിൽ യോഹന്നാന്റെയും പരേതയായ ചിന്നമ്മ യോഹന്നാന്റെയും മൂത്തമകനായി 1970 മാർച്ച് 11-ന് ജനനം. ഏഴാം വയസ്സിൽ പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ചനന്തരം ഇരുപത്തി മൂന്നാം വയസ്സിൽ സ്നാനമേറ്റു. സുവിശേഷ സ്നഹത്തിന്റെ പ്രഥമചുവടായി 1993ൽ മുളക്കുഴ മൗണ്ട് സയോൺ ബൈബിൾ സെമിനാരിയിൽ വേദപഠനം ആരംഭിച്ചു. തുടർന്ന് സുവിശേഷത്തിന് അധികം വേരോട്ടമില്ലാത്ത ചേന്ദമംഗലം കേന്ദ്രമാക്കി സഭാ പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ 31 വർഷമായി ചേന്ദമംഗലം സഭയുടെ ശുശ്രൂഷകനായും, 2006 മുതൽ സഭയുടെ ഭരണസമതിയായ സ്റ്റേറ്റ് കൗൺസിൽ അംഗമായും, 2008 മുതൽ 2016 വരെ സഭയുടെ യുവജന വിഭാഗമായ വൈ.പി.ഇ-യുടെ സ്റ്റേറ്റ് പ്രസിഡന്റായും സേവനം കാഴ്ചവെച്ചു. ഒന്നിലധികം പ്രാവശ്യം സഭയുടെ ഇന്ത്യൻ ഭരണ സമിതിയായ ഓൾ ഇൻഡ്യാ ഗവേണിംഗ് ബോഡി അംഗം, ചാരിറ്റി ഡിപ്പാർട്ട്മെന്റ് ഡയറക്ടർ, സെന്റർ പാസ്റ്റർ മുതലായ വിവിധ പദവികളും വഹിച്ചിരുന്നു

# ഓസ്ട്രേലിയൻ മന്ത്രിസഭയിൽ ആദ്യ മലയാളി സാന്നിദ്ധ്യമായി ജിൻസൺ ചാൾസ്



ഓസ്ട്രേലിയ: ഓസ്ട്രേലിയൻ നോർത്തേൺ ടെറിറ്ററി സംസ്ഥാന പാർലമെൻറ് തെരഞ്ഞെടുപ്പിലൂടെ എട്ടംഗ മന്ത്രിസഭയിൽ ഇടം നേടി പാലാ മൂന്നിലവ് സ്വദേശി. കായികം, കല-സാംസ്കാരികം, യുവജനക്ഷേമം എന്നീ വകുപ്പുകളുടെ മന്ത്രി പദമാണ് ജിൻസൺ ചാൾസിന് ലഭിച്ചത്. പത്തനംതിട്ട എം.പി ആന്റോ ആന്റണിയുടെ സഹോദര പുത്രനായ ജിൻസൺ ചാൾസ് ലേബർ പാർട്ടി ടിക്കറ്റിലാണ് മത്സരിച്ചു വിജയിച്ചത്. ഏറ്റവും അധികം കാലം ഓസ്ട്രേലിയൻ ഭരണം കയ്യാളിയ ലിബറൽ പാർട്ടിയുടെ സ്ഥാനാർഥിയായി മത്സരിച്ച ജിൻസൺ അറുപതു ശതമാനത്തോളം വോട്ട് നേടിയാണ് വിജയം ഉറപ്പുവരുത്തിയത്.

# സാഹിത്യ രചനാ മത്സരം

രചനാ വൈഭവത്തിന് വേദി ഒരുക്കി സി.ഒ.ജി യു.എ.ഇ മീഡിയ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അന്തർ ദേശീയ സാഹിത്യ രചനാ മത്സരം നടത്തപ്പെടുന്നു. ലോകവ്യാപകമായ മലയാളി ക്രൈസ്തവ വിശ്വാസികൾക്ക് തങ്ങളുടെ സാഹിത്യ അഭിരുചി പ്രകടിപ്പിക്കുന്നതിനുള്ള സുവർണ്ണാവസരമാണ് ഈ മത്സരം. ലേഖനം, കഥ എന്നീ രണ്ട് വിഭാഗങ്ങളിലായിട്ടാണ് മത്സരം നടക്കുന്നത്. മീഡിയ ഡിപ്പാർട്ട്മെന്റിന്റെ നിബന്ധനകൾക്ക് വിധേയമായി സമർപ്പിക്കപ്പെടുന്ന രചനകളിൽ നിന്നും വിജയികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതാണ്. പ്രസിദ്ധീകരണ യോഗ്യമായ രചനകൾ 'ഗിൽഗാൽ വോയിസിൽ' പ്രസിദ്ധീകരിക്കുന്നതായിരിക്കും.

# ക്രിസ്തീയ സെമിനാർ നടത്തി

ഷാർജ്ജ: COG UAE മീഡിയാ വിഭാഗം നേതൃത്വം കൊടുത്ത 'ഡിഡാകെ' (DIDACHE) എന്ന ക്രിസ്തീയ സെമിനാർ വെള്ളിയാഴ്ച 6-ന് രാത്രി 7:30 മുതൽ 10:00 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. ക്രിസ്തീയ വിശ്വാസം ആനുകാലിക ജീവിത പശ്ചാത്തലത്തിൽ എന്ന വിഷയത്തെ അധികരിച്ച് ഡോ. പ്രഭു (Consultant and Resource Person Timothy Institute) ക്ലാസ്സുകൾ നയിച്ചു. പൊതു ചർച്ചയ്ക്കും ചോദ്യോത്തര വേളയ്ക്കും അവസരങ്ങൾ നൽകിയ സെമിനാറിൽ കുട്ടികളും മാതാപിതാക്കളും പങ്ക് കൊണ്ടു.

# EDITORIAL

## നികത്താൻ ആവാത്ത (നികത്തേണ്ട) നഷ്ടങ്ങൾ

ഘന ഗാംഭീര്യമുള്ള ആശയങ്ങൾ കൊണ്ടും, ലാളിത്യം നിറഞ്ഞ ഭാഷയിലൂടെയും ക്രൈസ്തവ പ്രഭാഷണവേദികളെ സുവിശേഷത്തിന്റെ സത്യങ്ങൾ കൊണ്ട് നിറച്ച കാനം അച്ചൻ (സുവി. പി ഐ എബ്രഹാം) നിത്യതയിൽ പ്രവേശിച്ചത് ക്രൈസ്തവ കൈരളിയെ ദുഃഖത്തിലാഴ്ത്തി. നിർമ്മലവും, ലാളിത്യം നിറഞ്ഞതുമായ ജീവിതശൈലി അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. അറിഞ്ഞ സത്യത്തെ ആരുടെ മുന്നിലും സധൈര്യം പ്രഘോഷിക്കുവാനുള്ള ധൈര്യം അദ്ദേഹത്തെ ഒരു സുവിശേഷ യോദ്ധാവാക്കി മാറ്റി. ദൈവം വിശ്വസിച്ചേൽപ്പിച്ച ദൗത്യ നിർവഹണത്തിന്റെ പരിസമാപ്തി വിജയകരമായി പൂർത്തീകരിച്ചിട്ട് ഇഹലോകവാസം വെടിഞ്ഞ അച്ചൻ വരും തലമുറയ്ക്ക് നിറം മങ്ങാത്ത ഉദാഹരണമായി നിലനിൽക്കും എന്നതിൽ സംശയമില്ല.

പുല്ലാംകുഴൽ സംഗീതത്തിലൂടെ ക്രൈസ്തവ സഭയെ ആരാധനയോടെ സ്വർഗീയ തലങ്ങളിലേക്ക് നയിച്ച ജിജിൻ രാജ് നിത്യതയിൽ ചേർക്കപ്പെട്ടതും വിശ്വാസ സമൂഹത്തിന് അതീവ ദുഃഖം ഉളവാക്കി. ക്രൈസ്തവേതര രംഗത്ത് അനേക അവസരങ്ങൾ സംജാതമായെങ്കിലും തന്റെ കഴിവുകൾ കൊണ്ട് ക്രിസ്തു സഭയെ ശുശ്രൂഷിക്കുന്നതിന് അദ്ദേഹം തന്റെ ജീവിതം മാറ്റിവച്ചു. ഒരു സംഗീത പ്രതിഭ എന്നതിലുപരി പരിശുദ്ധാത്മ അഭിഷേകത്തിൽ നിറഞ്ഞ് സംഗീത ആരാധനകൾക്ക് നേതൃത്വം കൊടുത്തതിലൂടെ വരും തലമുറയ്ക്ക് സുവിശേഷ പ്രവർത്തനരംഗത്ത് ഒരു പ്രചോദനമായി അദ്ദേഹത്തിന്റെ ഓർമ്മകൾ നിലനിൽക്കും.

ഒരുകാലത്ത് പ്രേക്ഷിത പ്രവർത്തന രംഗങ്ങളിൽ വിവിധോൻമുഖ പ്രതിഭകളാൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചവർ അരങ്ങൊഴിയുമ്പോൾ ദുഃഖം ഉണ്ടാകുന്നത് സ്വാഭാവികമാണ്. നികത്താൻ ആവാത്ത നഷ്ടങ്ങളായി അവരുടെ സ്ഥാനങ്ങൾ ക്രൈസ്തവ സമൂഹത്തിൽ അവശേഷിക്കുമ്പോൾ അവർ നൽകിത്തന്ന പ്രചോദനം ഉൾക്കൊണ്ടു കൊണ്ട് പ്രേക്ഷിത പ്രവർത്തനങ്ങളുടെ നവമേഖലകളെ പരിപോഷിപ്പിക്കുക എന്നത് ജീവിച്ചിരിക്കുന്ന തലമുറയുടെ ഉത്തരവാദിത്തമാണ്. ക്രൈസ്തവ പ്രത്യാശയുടെ ആശ്വാസം പ്രാപിക്കുന്ന നിമിഷത്തിലും മുൻപേ നമ്മെ വിട്ടു പോയവർ അവസാനിപ്പിച്ച ഇടത്തുനിന്ന് തുടങ്ങാൻ ജീവനോടെ ശേഷിക്കുന്ന വിശ്വാസ സമൂഹത്തിനാവണം. സഭാ വളർച്ച അനുസ്യൂതം തുടരുവാനും, കടന്നുപോകുന്നവരുടെ പകരക്കാരായി നിലനിൽക്കുവാനും ക്രൈസ്തവ സമൂഹത്തിൽ യോദ്ധാക്കൾ എഴുന്നേൽക്കട്ടെ. വിട പറയുന്ന കർമ്മയോഗികൾക്ക് പകരമായി ആയിരമായിരം യോദ്ധാക്കൾ ക്രൈസ്തവ മണ്ഡലത്തിൽ ഉയർന്നു വരേണ്ടത് ദൈവരാജ്യ വികാസത്തിന്റെ തുടർച്ചയ്ക്ക് അത്യാവശ്യമാണ്. അതിന് പ്രചോദനമായി തീരേണ്ടത് കടന്നുപോയവർ നൽകിത്തന്ന ജീവിത മാതൃകയും, ദൈവിക ഉത്തരവാദിത്വത്തോട് അവർ കാണിച്ച സമ്പൂർണ്ണ സമർപ്പണവുമാണ്. ഉരുകി തീരാറായ മെഴുകുതിരിയിൽ നിന്ന് മറ്റൊരു തിരി തെളിയിക്കുന്നത് പോലെ നിത്യതയിൽ ചേർക്കപ്പെട്ട ദൈവദാസന്മാരുടെ പൈതൃകത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് അനേകം പുതുവെളിച്ചങ്ങൾ തെളിയിക്കപ്പെടട്ടെ. നികത്താനാവാത്ത നഷ്ടങ്ങൾ നികത്തുവാൻ സമർപ്പിതരായവർ ഉയർന്നു വരട്ടെ.



**'വേദികളിൽ വിളമ്പിയ വചനത്തോട് വിഘടിക്കാതെ വിരാജിത ജീവിതം കാഴ്ച്ചവെച്ച സുവിശേഷകൻ...... പുസ്തകസമ്പത്തിന്റെ പോയകാല പെരുമക്ക് തിലകം ചാർത്തിയ ഈടുറ്റ എഴുത്തുകാരൻ.... ലളിത ജീവിതത്തിന്റെ പല്ലക്കിലേറിയ കിടയറ്റ പ്രഭാഷകൻ... അഞ്ച് പതിറ്റാണ്ടുകളിലധികം സുവിശേഷവ്യാപനത്തിലെ കറകളഞ്ഞ പോരാളി'...... കാനം അച്ചൻ**

## ഭാവിവികസനത്തിനു വഴികാട്ടിയായി ദുബായിൽ നാഷണൽ യൂണിവേഴ്സിറ്റി

ദുബായ്: രാജ്യത്തിൻെറ ഭാവിവികസനത്തിനു വഴികാട്ടാൻ ദുബായിൽ നാഷനൽ യൂണിവേഴ്സിറ്റി വരുന്നു. ഇമാറാത്തി പൈതൃകത്തോടെ ഒരുക്കുന്ന യൂണിവേഴ്സിറ്റിയിൽ നൂതന അധ്യാപനരീതിയാകും പിന്തുടരുക. യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പ്രഖ്യാപിച്ച പദ്ധതിക്ക് 450 കോടി ദിർഹമാണ് ചെലവ് കണക്കാക്കുന്നത്. ലോകോത്തര അക്കാദമിക് പ്രോഗ്രാമുകളിലൂടെ നാഷണൽ യൂണിവേഴ്സിറ്റിയെ ലോകത്തിലെ മികച്ച 50 സർവകലാശാലകളിൽ ഒന്നാക്കി മാറ്റുകയാണ് പ്രധാനലക്ഷ്യം.



# ന്യൂജനറേഷനോ ഡീ ജനറേഷനോ?

**പാസ്റ്റർ ജെയ്സ് പാണ്ടനാട്**

സംഘടിത മതങ്ങളെയും പൗരോഹിത്യ ക്രമങ്ങളെയും ഹൈറാർക്കികളെയും പുതുതലമുറ എന്തുകൊണ്ടാണ് കയ്യൊഴിയുന്നത്? മുഖ്യ മതവിശ്വാസങ്ങൾ ശിഥിലമാകുകയും സെക്റ്റുകളും സ്വകാര്യ വിശ്വാസങ്ങളും വളരുകയും സമ്മിശ്ര വിശ്വാസങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?. യൂറോപ്യൻ രാജ്യങ്ങളിൽ ഉൾപ്പടെ ആരാധനാലയങ്ങൾ അടച്ചു പൂട്ടലിന്റെ വക്കിൽ എത്തിനിൽക്കുമ്പോൾ നമുക്ക് എന്താണ് ചെയ്യാൻ കഴിയുക?.പള്ളികൾ പലതും ഹോട്ടലുകളായും ലൈബ്രറികളായും സിനിമാ തിയേറ്ററായും മ്യൂസിയങ്ങളായും പരിവർത്തനം ചെയ്യുമ്പോൾ നാം എന്ത് പാഠമാണ് പഠിക്കുക?

ഒരു അന്താരാഷ്ട്ര പഠനം ഞാൻ വായിച്ചത് അടുത്ത 25 വർഷം ക്രൈസ്തവ സഭയുടെ ഭാവിയെ സംബന്ധിച്ച് അതിനിർണായകമായ വർഷങ്ങൾ എന്നാണ്. കഴിഞ്ഞ ചില ദശാബ്ദങ്ങളായി യുവാക്കളിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. യുവാക്കളുടെ സാമൂഹിക ബന്ധങ്ങൾ, പ്രണയം, രാഷ്ട്രീയ വീക്ഷണം, കുടുംബസങ്കൽപ്പങ്ങൾ, ലൈംഗീകത, കുടിയേറ്റം, മാറിയ അതിർവരമ്പുകൾ, സഭാജീവിതം, ജീവിതശൈലി എല്ലാം വിശകലനമാക്കേണ്ടതുണ്ട്. പുതുവഴികളിൽ മുന്നേറുന്ന യുവാക്കളെയാണ് നാം കാണുന്നത്.

അമേരിക്കയിലെ എൺപതോളം ക്യാമ്പസുകളിൽ വിദ്യാർഥികൾ പ്രക്ഷോഭത്തിനിറങ്ങിയതും അത് ഫ്രാൻസ് തുടങ്ങിയ മറ്റു രാജ്യങ്ങളിലേക്കും പടർന്നു പിടിച്ചതും നാം കണ്ടു. മ്യൂസിക് ടെക്നോളജിയുടെ വാണിജ്യമൂല്യവും വിപണിയും മനസ്സിലാക്കിയ ഒരു കൂട്ടം യുവത അതിന്റെ പിന്നാലെയാണ്. മ്യൂസിക് ടെക്നോളജിയിൽ ഇപ്പൊൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഉപയോഗിക്കുന്നുണ്ട്. ഫിലിം ഇൻഡസ്ട്രിയിലേക്ക് ആകർഷിക്കപ്പെടുന്ന നല്ലൊരു വിഭാഗം ചെറുപ്പക്കാരും ഉണ്ട്. ഇത് മതേതര ലോകത്തെ ചെറുപ്പക്കാരുടെ മാത്രം ട്രെൻഡ് അല്ല.

മലയാളി ജനത നാട്ടിൻപുറത്തുകാരിൽ നിന്നും ആഗോള പബ്ലിക്ക് ആയതിന്റെ നാൾവഴികളും നാം പരിശോധിക്കേണ്ടിയിരിക്കുന്നു. സാർവദേശീയമായി ക്രൈസ്തവ സമൂഹം അസ്തിത്വപരമായ വെല്ലുവിളികൾ നേരിടുന്ന കാലം കൂടിയാണിത്. രാഷ്ട്രീയവും മതപരവും ദാർശനീകവും വേദശാസ്ത്രപരവുമായ പ്രതിസന്ധികൾ നേരിടുന്നുണ്ട്.

ബാഹ്യമായ ആക്രമണങ്ങൾ ഉള്ളപ്പോൾ തന്നെ ആഭ്യന്തര സംഘർഷങ്ങൾ അനവധിയാണ്. ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും യുദ്ധസമാനമായ അന്തരീക്ഷത്തിലൂടെയാണ് സഭ കടന്നുപോകുന്നത്. ജനസംഖ്യാ അനുപാതവും പ്രജനന നിരക്കും മുൻ വർഷങ്ങളിൽ നിന്നും താരതമ്യേന കുറയുന്നു. വിവാഹ മോചനം, താമസിച്ചുള്ള വിവാഹം (Late Marriage)കുടുംബവും കുട്ടികളും വേണ്ട എന്ന തീരുമാനം, കുട്ടികൾ ഒന്നോ രണ്ടോ മതി എന്ന തീരുമാനം, ബാഹ്യകുടിയേറ്റം, ലിവിംഗ് ടുഗദർ സംസ്കാരം തുടങ്ങിയവ ഇതിന് കാരണങ്ങളാണ്. അവിവാഹിതരുടെ എണ്ണം വർദ്ധിക്കുന്നു. പഠനം, ജോലി, പണസമ്പാദനം, മൈഗ്രേഷൻ, സെറ്റിൽമെന്റ് ഇവയോടൊക്കെയാണ് പുതുതലമുറയ്ക്ക് താൽപര്യം. ഏറ്റവും അധികം പ്രവാസവൽക്കരിക്കപ്പെട്ടു (Migration, Diaspora & Escape) കൊണ്ടിരിക്കുന്ന ജനതയാണ് നമ്മുടേത്.

*(ശേഷം മൂന്നാം പേജിൽ)*

*(ഓർമ്മകളിൽ എന്റെ പിതാവ് കാനം അച്ചൻ ഒന്നാം പേജിലെ തുടർച്ച.....)*

ശ്രദ്ധിക്കുന്ന ഒരു മനുഷ്യനെ ഓർക്കുന്നു. തൊട്ടടുത്തായി ഇരിക്കുന്ന ഒരു അമ്മയും കൊച്ചു കുഞ്ഞും. കൊച്ച് പതിയെ മൂളി , ഇദ്ദേഹത്തിന്റെ ശ്രദ്ധമാറി. പുള്ളി കൊച്ചിനെ നോക്കി കൊച്ച് നിർത്തുമോ? പിന്നെ കൊച്ചിന്റെ നേരെ തിരിഞ്ഞ് ഒരു ചോദ്യം ' ആഹാ നീ മൂക്കുവാണോ'? എങ്ങനെ ചിരിക്കാതിരിക്കും? അങ്ങനെ എത്ര അനുഭവങ്ങൾ. എത്രയോ രസകരമായ കാര്യങ്ങൾ അച്ചൻ ഞങ്ങളോടൊക്കെ പറഞ്ഞിരിക്കുന്നത് ഞാൻ ഇന്ന് 'നിറകണ്ണുകളോടെ' ഓർക്കുന്നു. അമേരിക്കയിൽ താൻ ആദ്യമായി വരുവാൻ ഉള്ള ക്രമീകരങ്ങൾ എല്ലാം ചെയ്തു. എന്നാൽ തന്റെ വിസ അവർ തള്ളി. സംഘാടകർ വിഷമിച്ചു. അവർ അന്നത്തെ ടെന്നസിസ്റ്റേറ്റിന്റെ ഗവർണ്ണർ ആയ അൽഗോർ വഴി (പിൽക്കാലത്തു അമേരിക്കൻ വൈസ് പ്രസിഡന്റ്) അച്ചനുവേണ്ടിയുള്ള വിസ ശരിയാക്കിയ സംഭവം ഈ അടുത്ത ദിവസങ്ങളിൽ അറിയുവാനിടയായി. ദൈവത്തിനായി ഒരുവൻ സത്യസന്ധമായി നിലനിന്നാൽ അവനെ ദൈവം ഏതെല്ലാം നിലകളിൽ ഉപയോഗിക്കും എന്നതിന്റെ മകുടോദാഹരണമാണ് എന്റെ പിതാവിന്റെ ജീവിതാനുഭവങ്ങൾ. താൻ ഉയർത്തി കാട്ടിയ ക്രിസ്തു ദർശനം ഇന്നും ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നു എന്നതിൽ ഒരു മകൻ എന്നതിൽ ഞാൻ അഭിമാനിക്കുന്നു. എത്ര എത്ര ഓർമ്മകൾ..... മരിക്കാത്ത ആ ഓർമ്മകൾ അത് ഞങ്ങൾക്ക് എന്നും മാർഗദർശിയായിരിക്കും. ആദ്യകാലങ്ങളിൽ താൻ പലരെയും കൂടെ കൊണ്ടു പോകുന്ന പതിവുണ്ടായിരുന്നു. അതിൽ സംഭവിച്ച ഒരു കാര്യം വളരെ രസകരം ആണ്. മീറ്റിങ് കഴിഞ്ഞു വിശ്രമിക്കുവാൻ ഉള്ള സ്ഥലത്തേക്ക് പോകുമ്പോൾ കൂടെ വന്ന ആളിന്റെ മുഖം വാടിയിരിക്കുന്നു. 'എന്തുപറ്റി എന്താ ഒരു പ്രയാസം പോലെ'. അത് എന്റെ അച്ചാ എന്നാലും അവർ എനിക്ക് പ്രാർത്ഥിക്കാൻ പോലും ഒരവസരം തന്നില്ല. 'അത്രേയുള്ളോ നമുക്ക് ഒന്നിച്ച് എത്ര സമയം വേണമെങ്കിലും പ്രാർത്ഥിക്കാം' എന്ന് അച്ചൻ. 'എന്റെ അച്ചാ അവിടെ മൈക്ക് ഉണ്ടോ' എന്ന്. ഇതു പോലെ നിരവധി കാര്യങ്ങൾ അച്ചൻ പറഞ്ഞിട്ടുണ്ട്. താൻ സ്കൂളിൽ പഠിക്കുന്ന കാലം. അവിടെ അടുത്ത് ഒരു സിദ്ധൻ വന്നു. ആളുകൾ കൂടി ഭവ്യതയോടെ അയാളുടെ വാക്കുകൾ കേൾക്കുന്നു. അച്ചനും അടുത്ത് ചെന്നു. സിദ്ധൻ പറഞ്ഞു ഞാൻ ലോകത്തെ നശിപ്പിക്കാൻ പോകുന്നു. എല്ലാവരും പിരിഞ്ഞു പോയിട്ടും അച്ചൻ അവിടെ നിന്നു. സിദ്ധൻ തിരക്കി മോൻ ഏതാ? അച്ചൻ പറഞ്ഞു 'ഞാൻ പാറക്കൽ ഐസക് അച്ചായന്റെ മകനാ. ആഹാ അങ്ങനെയാണോ എനിക്ക് മോന്റെ എല്ലാവരെയും നന്നായി അറിയാം. അപ്പോൾ ലോകാവസാനം?' അത് മോൻ പേടിക്കണ്ട. 'മോന്റെയും വീട്ടകാരുടെയും കാര്യം ഞാൻ ഏറ്റെന്നെ'. ഇങ്ങനെ ഉള്ള സംഭവകഥകൾ. കുറിക്കുകൊള്ളുന്ന എന്നാൽ ചിന്തിപ്പിക്കുന്ന പ്രയോഗങ്ങൾ. 'ഏറ്റവും ഉച്ചത്തിൽ ശാസിച്ചാലേ പിശാച് പോകുക ഉള്ളെങ്കിൽ മൈക്ക് വെച്ചു ശാസിക്കണം' എന്ന് പറയുന്നതിൽ എത്ര ആഴമായ സത്യവും മറഞ്ഞിരിക്കുന്നു എന്നത് ഓർക്കുക. എനിക്ക് ആരായിരുന്നു എന്റെ പിതാവ്. സ്നേഹ സമ്പന്നൻ, മാർഗദർശി, ലാളിത്യത്തിന്റെ അപരനാമം, തന്റെ എല്ലാ നന്മകളും മറ്റുള്ളവർക്കും കൂടെ വരേണം എന്ന് പ്രാർഥിക്കുന്നവൻ, ആഗ്രഹിക്കുന്നവൻ അതായിരുന്നു എന്റെ പിതാവ്. ഇനിയും എഴുതിയാൽ തീരാത്ത എത്രയോ ഓർമ്മകൾ. അതൊക്കെയും എന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കും. താൻ അനുഗ്രഹിച്ചവർ അനുഗ്രഹിക്കപ്പെട്ടു. ഒരു വിശുദ്ധൻ ആയി തന്നെ ജീവിച്ചു. മരണവും അത് പോലെ. തന്റെ മരണത്തിന് 7 മാസങ്ങൾക്ക് മുൻപ് താൻ മരണത്തിന്റെ വക്കോളം എത്തി. അപ്പോൾ തനിക്ക് ഒരു ദർശനം ഉണ്ടായി. അത് അച്ചൻ എന്റെ ഇളയ സഹോദരിയോട് പറഞ്ഞു. അവളുടെ കൈപിടിച്ചു തന്റെ നെഞ്ചിൽ ചേർത്തു വെച്ചു എന്റെ പിതാവ് കരഞ്ഞുകൊണ്ട് പറഞ്ഞു 'തേജോരൂപികളായ ഒരു കൂട്ടം ദൂതന്മാർ തന്റെ കിടക്കക്ക് അരികിൽ വന്നു. അവരോട് ചേരുവാൻ മുൻപോട്ട് നീങ്ങിയ തന്നെ ഒരു ദൂതൻ തടഞ്ഞിട്ട് പറഞ്ഞു, 'നിന്റെ സമയം ആയിട്ടില്ല' എന്ന്. അതിനു ശേഷം 7 മാസത്തോളം താൻ ജീവിച്ചു. വളരെ സന്തോഷത്തോടെ തന്നെ ജീവനോടെ കാണുവാനും തന്നോടൊപ്പം ഒരാഴ്ച ആയിരിപ്പാനും ദൈവം സഹായിച്ചു. വളരെ ശാന്തമായി താൻ ഉറങ്ങി ഒരു നീണ്ട വിശ്രാമത്തിലേക്ക് മാറ്റപ്പെട്ടു. ഇനിയും താൻ ഉണരുന്നത് നിത്യ രാജ്യത്തിൽ ആയിരിക്കും. അച്ചനെ എന്റെ പിതാവായി നൽകിയതിൽ ഞാൻ ദൈവത്തിന് ഒരായിരം നന്ദി പറയുന്നു.

ദൈവം നമ്മെ സഹായിക്കട്ടെ .

*(ന്യൂ ജനറേഷനോ ഡീ ജനറേഷനോ ? രണ്ടാം പേജിലെ തുടർച്ച.....)*

ആത്മീക വിഷയങ്ങളിൽ താൽപ്പര്യം കുറഞ്ഞു കൊണ്ടിരിക്കുന്ന യുവജനങ്ങളെയാണ് നാം കണ്ടുവരുന്നത്. പള്ളിയിൽ പോകുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. മതം തന്നെ ഉപേക്ഷിച്ചവരും ദൈവവിശ്വാസം സംരക്ഷിക്കാൻ മതം/ ഡിനോമിമേഷൻ ഇവ ആവശ്യമില്ല എന്ന് ചിന്തിക്കുന്നവരും ഉണ്ട്. രഹസ്യത്മകത (നിഗൂഢത) കൊണ്ടുനടക്കുന്നവരും ഉണ്ട്. സംഘടിത മതങ്ങളെ തള്ളിക്കളഞ്ഞു വ്യക്തിഗത കൾട്ടുകളി ലേക്ക് ചുരുങ്ങുന്നവരും ഉണ്ട്.

ഈ തിരിച്ചടിക്ക് പല കാരണങ്ങൾ ഉണ്ട്. പ്രഫഷണലിസത്തിന്റെയും കരിയറിസത്തിന്റെയും സ്വാധീനം, മെറ്റീരിയലിസത്തിന്റെയും ഉപഭോഗ സംസ്കാരത്തിന്റെയും സ്വാധീനം, ഇൻഫർമേഷൻ ടെക്നോളജിയുടെയും മെറ്റാമോഡണിസത്തിന്റെയും സ്വാധീനം, സെക്കുലറിസത്തിന്റെയും ലിബറൽ ഡെമോക്രസിയുടെയും സ്വാധീനം, യുക്തി ചിന്തയുടെയും ശാസ്ത്ര ബോധത്തിന്റെയും വളർച്ച, റാഡിക്കൽ ഹ്യൂമനിസത്തിന്റെയും നിരീശ്വര വാദത്തിന്റെയും സ്വാധീനം, ഫ്രീതിങ്കിംഗിന്റെയും പോസ്റ് ലിബറൽ മൂവ്മെന്റ്ന്റെയും സ്വാധീനം, കമ്പോളത്തിന്റെയും വിപണിയുടെയും ആധിപത്യം, ഉത്തരാധുനിക - സത്യാനന്തര - പോസ്റ്റ് ഹ്യൂമൻ വൈജ്ഞാനിക ചിന്തകളുടെ കടന്നുകയറ്റം, പൗരാവകാശ ബോധം, സ്റ്റേറ്റിന്റെയും സിവിൽ സമൂഹത്തിന്റെയും ദ്രുതഗതിയിലുള്ള വളർച്ച, ന്യൂജൻ ആത്മീയതയും സൈബർ ആധുനികതയും തുടങ്ങിയവ ആത്മീയതയിൽ നിന്നും യുവാക്കളെ അകറ്റുന്ന ഘടകങ്ങളാണ്.

വിശ്വാസപരമായ വീക്ഷണങ്ങളിലുള്ള വ്യതിയാനം, പരമ്പരാഗതമായ വിശ്വാസആചാരങ്ങളിലുള്ള അവമതിപ്പ്, സഭാപരമായ സംഘർഷങ്ങളിലുള്ള നൊമ്പരം, ക്രൈസ്തവ രാഷ്ട്രങ്ങളിലുള്ള സദാചാരഭ്രംശം, പൗരോഹിത്യത്തിന്റെ ജീർണത, അഴിമതി ഇവയെല്ലാം ചെറുപ്പക്കാർക്ക് വിരക്തിയും മടിപ്പും ഉണ്ടാക്കുന്ന കാര്യങ്ങളാണ്. ലെജസിയിൽ നിന്നും ലീഗലിസത്തിലേക്ക് തല കുത്തി വീണ സഭ, റിവൈവലിന് പകരം സർവൈവലിന് പരിശ്രമിക്കുകയാണ്. ചലനം നഷ്ടപ്പെട്ട സഭ ഒരു നൂറ്റാണ്ടിന്റെ ലെജസിയിൽ നിർമ്മിക്കപ്പെട്ട സ്മാരകങ്ങളായി ഇന്ന് മാറിയിരിക്കുകയാണ്. എസ്റ്റാബ്ലിഷ്മെന്റുകളെ സംരക്ഷിക്കാനുള്ള കസ്റ്റോഡിയൻസ് അല്ല നേതാക്കന്മാർ. കേവലം ഇൻസ്റ്റിസ്റ്റ്യൂഷൻ ബിൽഡേഴ്സ് അല്ല ലീഡർഷിപ്പ്. നോൺ സീരിയസ് സബ്ജക്ടകൾക്ക് ഊന്നൽ കൊടുക്കുന്ന സഭ, ഭൗതീക വിഷയങ്ങളിൽ കുടുങ്ങി കിടക്കുകയാണ്.

മൂർത്ത സാഹചര്യങ്ങളെ സഭ അഭിസംബോധന ചെയ്യുന്നില്ല. പുതിയ ഒരു പ്രതിസംസ്കാരം (**Counter Culture**) ആടി തിമിർക്കുകയാണ്. ഘടനാവാദത്തിന് ശേഷം രൂപപ്പെട്ട അപനിർമ്മാണം (**De Construction**) സൃഷ്ടിച്ച കോളിളക്കങ്ങൾ അരങ്ങ് തകർക്കുകയാണ്. ഫണ്ടമെന്റൽ ചിന്തകളെ തള്ളിയും വ്യക്തിഗത വാദങ്ങൾ അവതരിപ്പിച്ചും പരമ്പരാഗത ദർശങ്ങളെ നിരാകരിക്കുന്നു. ഒന്നും പരമമല്ല (**Absolute**). എല്ലാം ആപേക്ഷികം (**Relativism**) ആണെന്ന് ചിന്തിക്കുന്നവരാണ് അധികം പേരും. സഭ പാപം എന്ന് പറയുന്ന കാര്യങ്ങളെ രാഷ്ട്രം നിയമവൽകരിക്കുമ്പോൾ ഉണ്ടാകുന്ന ആശയക്കുഴപ്പം എന്നീ പ്രതിസന്ധികളെ നാം മറികടക്കേണ്ടതുണ്ട്. അടിസ്ഥാന ദൈവശാസ്ത്രത്തിൽ അടിയുറച്ചു കൊണ്ട് പരിഷ്കരണം ആവശ്യമുള്ള മേഖലകളിൽ അഴിച്ചു പണി ആവശ്യമാണ്.

കുടിയേറ്റം, പാലായനം, വിദേശ പഠനം, പ്രവാസിവൽക്കരണം ഇവ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ, ശൂന്യത, നഗരവത്ക്കരണം എന്നിവ ഉത്പാദിപ്പിക്കുന്ന നവ ലിബറൽ സംസ്കാരം, ചുറ്റുപാടുകളോട് പ്രതികരിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന കൾച്ചറൽ ലാഗ്. ഇത്തരം പുതിയ പ്രവണതകൾ സഭയെ എങ്ങനെ ബാധിക്കുന്നു. പ്രവാസവും അഭയാർത്ഥിത്വവും തുടരുന്ന ഒരു വിപുലീകൃത സാംസ്കാരിക/ചരിത്ര ഭൂപ്രദേശമായി പ്രത്യേകിച്ച് കേരളം പരിണമിച്ചിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള കേരളാ ഡയസ്പോറയെ വിശകലനം ചെയ്യാനും വിശദീകരിക്കാനും ഉതകുന്ന സാംസ്കാരികാന്വേഷണങ്ങൾ വിപുലീകരിക്കണം.

നോളജ് ഇക്കോണമി, ടെക്നോ ക്യാപിറ്റലിസം, മനുഷ്യാനന്തര വിചാര ലോകത്തിന്റെ പരികല്പനകൾ, നിർമ്മിത ബുദ്ധി, ഡിജിറ്റൽ വിഭജനം, മാറുന്ന നിയോ ലിബറൽ യുക്തികൾ എന്നിവയോടുള്ള പ്രതികരണം എല്ലാം ഗൗരവകരമായി പരിഗണിക്കേണ്ടതാണ്. യുവാക്കൾ ഇല്ലാത്ത സഭയെക്കുറിച്ച് ചിന്തിക്കാൻ പറ്റുമോ? യുവജന കേന്ദ്രീകൃത നയം രൂപീകരിക്കാതെ സഭയ്ക്ക് ഒരിഞ്ച് മുന്നോട്ട് പോകാൻ കഴിയില്ല. ചെറുപ്പക്കാരുടെ ഇടയിൽ ദൈവശാസ്ത്ര ബോധവും ചരിത്ര - ധർമ്മ ബോധവും വളർത്തിയെടുക്കുന്ന സമാന്തര വിദ്യാഭ്യാസ സാംസ്കാരിക പ്രസ്ഥാനമായി സഭ മാറണം.

യുവജനങ്ങൾ പെന്തകോസ്ത് സഭയിൽ നിന്നും തനിമയിൽ നിന്നും അകലുന്നതിനുള്ള കാരണങ്ങൾ, സഭയ്ക്കുള്ളിൽ യുവാക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ആഭ്യന്തര സംഘർഷങ്ങൾ യുവാക്കളിൽ ഏൽപ്പിക്കുന്ന മുറിവുകൾ, പെന്തകോസ്ത് സംവിധാനങ്ങളിൽ വരുത്തേണ്ട ഘടനാപരമായ പരിഷ്കരണങ്ങൾ, ശൈലി മാറ്റങ്ങൾ, തിരുത്തൽ മനോഭാവം, സൈബർ കാലത്തെ ആത്മീക ജീവിതം, മതബോധനം (കാറ്റക്കറ്റിസം), വിശ്വാസ പരിശീലനം, അധ്യാപനം, പ്രഭാഷണം, ക്രിസ്തീയ വിദ്യാഭ്യാസം, അജപാലനം, നയരൂപീകരണം, ആസൂത്രണം, തുടങ്ങിയ മേഖലകളിൽ സ്വീകരിക്കേണ്ട രീതിശാസ്ത്രപരമായ തിരുത്തലുകൾ, സിലബസ് നിർമാണം, ഏകീകൃത വിശ്വാസ പ്രമാണം, ഡയലോഗുകളുടെ പ്രാധാന്യം, യുവജനങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തം, ഡിജിറ്റൽ പേരന്റിങ്, മാധ്യമ വിദ്യാഭ്യാസം, തലമുറ മാറ്റം, ഹോളിസ്റ്റിക്ക് അപ്രോച്ച്, രാഷ്ട്രസേവനം, സാമൂഹിക പ്രതിബദ്ധത, യുവജന കേന്ദ്രീകൃത മുഖ്യധാരാവൽകരണം തുടങ്ങിയ വിഷയങ്ങ ളെ അധികരിച്ച് സംവാദം ഉയർന്നു വരേണ്ടതുണ്ട്. അല്ലെങ്കിൽ വലിയ തകർച്ചയായിരിക്കും നമ്മെ കാത്തിരിക്കുന്നത്.



# ദൈവീക സാക്ഷ്യം

**കിഷോർ ഐക്കരമറ്റം**

ഇയ്യോബിനെ കുറിച്ച് ദൈവം പറഞ്ഞ സാക്ഷ്യം അവൻ നിഷ്കളങ്കൻ, നേരുള്ളവൻ, ദൈവഭക്തൻ, ദോഷം വിട്ടകലുന്നവൻ എന്നിങ്ങനെ ആയിരുന്നു. ഇന്ന് ഇങ്ങനെയുള്ള സാക്ഷ്യം കേൾക്കുക വളരെ പ്രയാസമാണ്. നമ്മുടെ ചർച്ചുകളിൽ നാം കേൾക്കുന്ന ഒരു കോമൺ വാക്കാണ്.. 'മറ്റൊരു സാക്ഷിയെ ഉളവാക്കും വിധമുള്ള സാക്ഷ്യം.' ഇന്ന് അങ്ങനെയുള്ള എന്തെങ്കിലും സാക്ഷ്യങ്ങൾ നാം കേൾക്കുന്നുണ്ടോ? അത് അറിയാവുന്ന സഭാ ശുശ്രൂഷകന്മാർ സാക്ഷ്യത്തിനായി സമയവും വേർതിരിക്കില്ല. അത്യാവശ്യമായി പ്രാത്ഥനാ റിക്വസ്റ്റ് ഉള്ളവർ മാത്രം എഴുന്നേൽക്കുക. അതാണ് ഇപ്പോളത്തെ രീതി. ഒരു ചർച്ചിലെ സെക്രട്ടറിയെ ഒരു വണ്ടി തട്ടി. സെക്രട്ടറി ഡ്രൈവറെ വലിച്ചിറക്കി അടികൊടുത്തു. അടുത്ത ഞായറാഴ്ച സെക്രട്ടറിയുടെ സാക്ഷ്യം ഇതായിരുന്നു. യഹോവയുടെ വലം കരം വീര്യം പ്രവർത്തിക്കും. അതിന് ആമേൻ പറയാൻ ശുശ്രൂഷകനും. നമ്മുടെ ആലയങ്ങളിലെ സാക്ഷ്യങ്ങൾ അങ്ങനെയുള്ളതായി മാറുകയാണ്. പ്രിയപ്പെട്ട സഹോദരി സഹോദരങ്ങളെ നമ്മുടെ ജീവിതം ആകണം നമ്മുടെ സാക്ഷ്യം. സർവ്വ പാപവും പോക്കി നമ്മെ വീണ്ടെടുത്ത ക്രിസ്തുയേശുവിന്റെ മുൻപിൽ നാം സാക്ഷ്യം ഉള്ളവരായിരിക്കണം. ഒരു ഉപദേശിയോടൊപ്പം പാർക്കുന്ന ഒരു സഹാദരൻ ആ ഉപദേശിയെ കുറിച്ച് പറഞ്ഞത് ഉപദേശി തിരക്കുള്ള വ്യക്തി ആയതുകൊണ്ട് കുടുംബ പ്രാർത്ഥനക്കു സമയം കിട്ടാറില്ല എന്നാണ്. സഭാ മക്കളെ ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്ന ഉപദേശിയെ കുറിച്ചുള്ള സാക്ഷ്യവും ഇങ്ങനെ. മറ്റുള്ളവരുടെ സാക്ഷ്യത്തിനായി മാത്രമല്ല, നമ്മെ വീണ്ടെടുത്ത അഖിലാണ്ഡത്തിന്റെ ഉടയവനും അഖില ചരാചരങ്ങളുടെ സൃഷ്ടാവുമായ ക്രിസ്തുവേശുവിന്റെ സാക്ഷികളായും നമുക്ക് ജീവിക്കാം. അപ്പോൾ നമ്മെ കുറിച്ചുള്ള സാക്ഷ്യങ്ങളും ഈയ്യോബിനെ കുറിച്ചുള്ളത് പോലെ ആയി തീരും. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

# സ്വർഗ്ഗത്തിലെ സാക്ഷി, ഉയരത്തിലെ ജാമ്യക്കാരൻ



**വിജി ജോസ് ബാംഗ്ലൂർ**

സാക്ഷി, ജാമ്യം എന്നീ 2 വാക്കുകൾ സാധാരണയായി കുറ്റ കൃത്യത്തോടുള്ള ബന്ധത്തിലാണ് ഉപയോഗിക്കുന്നത്. ഒന്നുകിൽ പോലീസ് സ്റ്റേഷനിൽ അല്ലെങ്കിൽ കോടതിയിൽ.

ഒരു വ്യക്തി ഒരു തെറ്റ് ചെയ്യുമ്പോൾ ആ തെറ്റ് മറ്റൊരു വ്യക്തി നേരിട്ട് കാണുകയോ, കേൾക്കുകയോ ചെയ്യുമ്പോൾ ആണ് ആ സാക്ഷിയെക്കൊണ്ടാവശ്യം. അതായത് ഒരാളെ അടിക്കുകയോ അല്ലെങ്കിൽ ഒരുവനെ കൊലപ്പെടുത്തുകയോ, അതുമല്ലെങ്കിൽ മോഷണം നടത്തുകയോ ചെയ്യുമ്പോൾ ആണ് അങ്ങനെയുള്ള കാര്യത്തോടുള്ള ബന്ധത്തിൽ സാക്ഷി ആവശ്യമായിരിവരുന്നത്. (ആവർത്തനം 19:15) കോടതികളിലാണ് ഈ സാക്ഷി വിസ്താരം അധികവും ഉള്ളത്.

ഇവിടെ ഒരു ഭക്തൻ കഷ്ടതയിലൂടെ കടന്നു പോകുമ്പോൾ, എല്ലാം പ്രതികൂലമായി മാറിയ അവസ്ഥ. തന്റെ ഭാര്യ പോലും പ്രതികൂലമായ സാഹചര്യത്തിൽ, താൻ പറയുന്ന വാക്കുകളാണിത് (ഇയ്യോബ് 16:19) 'ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ആണ്' ഈ ഭക്തൻ ഇപ്പോൾ ഒരു ജയിലില്ല കഴിയുന്നത്, പക്ഷെ ഒരു ജയിലിന്റേതായ ഒരനുഭവത്തിലൂടെ താൻ കടന്നു പോകുന്നു. തനിക്ക് ഉള്ളതെല്ലാം നഷ്ടമായി. മക്കൾ, സമ്പത്ത്, സകലതും (ഇയ്യോബ് 1:13-19). നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും എന്ന് (സങ്കീർത്തനങ്ങൾ 112:2) ൽ വായിക്കുമ്പോൾ ഈ ഭക്തൻ (ഇയ്യോബ് 1:1) നേരുള്ളവൻ ആയിരുന്നു. എന്നാൽ തലമുറ നഷ്ടപ്പെട്ടു. കൂടാതെ തന്റെ ശരീരമാസകലം പരുക്കളാൽ ബാധിതനായി തീർന്നു - (2:7-8). വീടിന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥ. സ്നേഹിതന്മാർ ആശ്വസിപ്പിക്കുവാൻ വന്നു. എന്നാൽ അത് കൂടുതൽ വേദനയായി മാറിയ അനുഭവം. അവരുടെ ആശ്വാസവാക്കുകൾ വെറും ഭസ്മ വാക്കുകളായി മാറുന്നു (ഇയ്യോബ് 13:12).

ഒരു വ്യക്തിയുടെ ജീവിതത്തിൽ കഷ്ടത വരുമ്പോൾ അത് എപ്പോൾ തീരും എന്ന് അറിയില്ല. കഷ്ടത വേഗം തീരുവാനായി ഈ ഭക്തനും ആഗ്രഹിച്ചു. പ്രത്യാശയ്ക്ക് പോലും ഭംഗം വരുന്ന സമയങ്ങൾ (ഇയ്യോബ് 7:5-8, 17:13-16). ഈ കഷ്ടതയിൽ യഹോവ ചുഴലിക്കാറ്റിൽ ഒരു സാക്ഷിയായി ഇറങ്ങി വരുന്നു (ഇയ്യോബ് 38:1)

അടുത്തത് ജാമ്യക്കാരനാണ്. ഒരു വ്യക്തി തെറ്റിലകപ്പെട്ട് ജയിലിലായാൽ ഒരാൾ ഇടനിലനിന്ന് ജാമ്യം നൽകി ആ വ്യക്തിയെ പുറത്തു കൊണ്ടുവരുന്നു. ഇവിടെ ഈ ഭക്തനുവേണ്ടി ജാമ്യക്കാരനായിട്ട് സാക്ഷാൽ സർവ്വശക്തനായ യഹോവ ഇറങ്ങി വരുന്നു (ഇയ്യോബ് 38:1) ദൈവം ഈ ഭക്തന്റെ സ്നേഹിതന്മാരോട് പറയുന്നു (ഇയ്യോബ് 42:7,8) 'എൻെറ ദാസനായ ഇയ്യോബിനെപ്പോലെ നിങ്ങൾ എന്നെക്കുറിച്ചു വിഹിതമായി സംസാരിച്ചിട്ടില്ല.'

ഭൂമിയിൽ ഈ ഭക്തൻ നേരുള്ളവൻ എന്ന് സാക്ഷിയായി തീർന്നു. സ്വർഗ്ഗത്തിൽ നിന്നും ഈ ഭക്തൻ നേരുള്ളവൻ എന്ന് യഹോവ സാക്ഷി പറഞ്ഞു. 'നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കും.' (സങ്കീർത്തങ്ങൾ 112:4)

അല്പ നേരത്തേക്ക് മാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു; എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്തു കൊള്ളും (യെശയ്യാവു 54: 7) എന്ന വചനം ഇവിടെ യാഥാർത്ഥ്യം ആകുന്നു.

# സ്മൃതി പൂക്കൾ

കാനം അച്ചൻ
ആ വിളിപ്പേരിനാൽ വിളങ്ങിയ വജ്രം
വിലമതിയാ ദീപ്തസ്തംഭം
അനാത്മവിലങ്ങുകളിൽ അടിയറവാകാതെ
പ്രേഷിതവേലയ്ക്കായ് വിമലപക്ഷമായോൻ
വിരോധോപദേശങ്ങൾക്ക് വിരുന്നൂട്ടാതെ
സത്യരാജ്യത്തിൻ ചാവേറായി തീർന്ന ജന്മം

സൗമ്യമാം നോക്ക്, തീക്ഷ്ണമാം വാക്ക്
കാഴ്ചപ്പാടുകളുടെ പാഠമോതിത്തന്ന നാക്ക്
വിസ്മൃതമാകാവണ്ണം ഹൃദ്സ്മൃതി
മന്ദിരങ്ങൾ തീർത്തവൻ...
ഇനിയുമൊരാവേശജ്വാലയായ്
നിയതം പരിണമിക്കുവോൻ

ജീവിച്ചു തീർന്നിത്രകാലം, വചനത്തിൻ
തിരിയിട്ട കൽവിളക്കായി...
ഇരുട്ടിന്റെ നാനാമുഖങ്ങൾക്കു
വെളിച്ചത്തിൻ തീവ്രമാം
യാത്രാമൊഴിയോതിയോൻ...

കൈരളി മറക്കില്ല ആ വരികൾ
കൈരളി മറക്കില്ല ആ ജീവിതം..
നവീനമായതേറെവരുമ്പോളും
നിയതമാം വേദനൈതീകതേജ്ജസ്സ്
അണുപോലും കൊഴിയാതെ
എന്നും വിളങ്ങുവാൻ
ഇനിയും സത്യത്തിൻ പോറ്റച്ഛൻമാർ
ഉയിർകൊള്ളട്ടെ
പരമാത്മനിൻ പുനരാഗമനം വരെ....



ജെയ്സൺ പൈങ്ങനാൽ

# തിരുവചന ചോദ്യാവലി

## ഓഗസ്റ്റ് ലക്കം ഉത്തരങ്ങൾ

1. ബർശബാസ്. (അപ്പൊ. പ്രവൃത്തികൾ 15:22)
   ബർശബാ. (അപ്പൊ. പ്രവൃത്തികൾ 1:23)
2. ശൂന്യമാക്കുന്നവൻ (ദാനീയേൽ 9:27)
3. ദെബോര (ഉല്പത്തി 35:8)
4. പൊന്ന് (ഉല്പത്തി 2:11)
5. വാക്ക് - നായാട്ടുനായ
   മൃഗം - നായ (സദൃശവാക്യങ്ങൾ 30:31)
6. പർവ്വതങ്ങൾ (ഇയ്യോബ് 40:20)
7. നെബൂസർ-അദാൻ (യിരെമ്യാവു 52:12)
8. ന്യായാധിപതി (യാക്കോബ് 5:9)
9. ഞാൻ-യാഖീൻ നിർമ്മിതി-സ്തംഭം
   (1 രാജാക്കന്മാർ 7:21, 2 രാജാക്കന്മാർ 24:6)
   രാജാവിന്റെ പേര്-യെഹോയാഖീൻ (1 ദിനവൃത്താന്തം 9:10)
10. ദാനീയേൽ, ബേൽശസ്സർ (ദാനീയേൽ 4:19, 5:6)

1. ഭൂമിയുടെ അറ്റത്തു നിന്നും പാടുന്ന കീർത്തനം?
2. ദോഷമാകുന്ന പ്രശംസ എന്ത്?
3. ശില്പികളുടെ താഴ്‌വര?
4. വലിയൊരു ദഹനം കഴിച്ചത് ആർക്കുവേണ്ടി?
5. ഒരു രാഞ്ജിയുടെ നാമത്തിനകത്തുള്ള ഒരു ഭൃത്യന്റെ (രണ്ടക്ഷരം) പേര് ?
6. ഗുഹയിൽ താമസിച്ച പ്രവാചകൻ?
7. യുവാക്കളെ പുഷ്ടീകരിക്കുന്നത്?
8. ശമര്യരുടെ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചവർ?
9. നന്മ കാണാതെ ഓടിപ്പോകുന്നത് എന്ത്?
10. പഴയനിയമത്തിലും പുതിയനിയമത്തിലുമായി രണ്ടു പ്രാവശ്യം മാത്രം പറഞ്ഞിരിക്കുന്ന വൃക്ഷം ഏത് ?

തയ്യാറാക്കിയത്
**ബീനയും ബ്യൂലയും**

